Malappuram District Police

# 29.10.2017 വളാഞ്ചേരി

വളാഞ്ചേരി മൂച്ചിക്കലിൽ 14.3 ലക്ഷം രൂപയുടെ കുഴൽപ്പണവുമായി പിടികൂടിയ പ്രതിയെ റിമാൻറ് ചെയ്തു. ചെമ്മാട് സ്വദേശിയായ മടക്കടവൻ വീട്ടിൽ മുഹമ്മദ് ബഷീറി (34) നെ വളാഞ്ചേരി പോലീസാണ് പിടികൂടിയത്. വളാഞ്ചേരിയിലും പരിസരങ്ങളിലും വിതരണം ചെയ്യാനായി കൊണ്ടുവന്ന 14,30,200 രൂപയാണ് ഇയാളിൽ നിന്ന് പിടികൂടിയത്. 2000, 500 രൂപയുടെ ഇന്ത്യൻ കറൻസി കെട്ടുകളായി സൂക്ഷിച്ച നിലയിലായിരുന്നു. ഒന്നര ലക്ഷം രൂപയുടെ മലേഷ്യൻ കറൻസിയും ഇയാളിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. വളാഞ്ചേരി എസ്.ഐ. ബഷീർ ചിറക്കലിൻെറ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡംഗം രാജേഷ്, സി.പി.ഒ-മാരായ ശിവകുമാർ, അബ്ദുറഹ്മാൻ, സുരേഷ്, രാജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.